## ദ്വൈമാസ അവലോകന മിനിട്ട്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ദ്വൈമാസ അവലോകന യോഗം 04.06.2022-ന് 10.30 ന് ഡയറക്ടറേറ്റിലെ സൂപ്പർ വൈസറി തസ്തികയിൽ പ്രവർത്തിക്കുന്നവർ പങ്കെടുത്തു.

യോഗത്തിൽ പങ്കെടുക്കുന്നവരെ ബഹു. ഡയറക്ടർ സ്വാഗതം ചെയ്തു തുടർന്ന് 08.12.2021-ന് ചേർന്ന യോഗതീരുമാനങ്ങളുടെ ആക്ഷൻ റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്യുകയുണ്ടായി.

ഈ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടതും തീരുമാനങ്ങൾ ഉണ്ടാക്കേണ്ടതുമായ വിഷയങ്ങളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

1. Online Transfer നടപടികൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ഡാറ്റാസ് കൃത്യമായി സ്പാർക്കിൽ അപ്‌ലോഡ് ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും, മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും അനുവദിച്ച തസ്തികകൾ, നിലവിലെ അംഗസംഖ്യ, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമായും പിഴവുകൾ തീർത്തും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി എത്രയും വേഗം നൽകേണ്ടതാണെന്നും ഡയറക്ടർ നിർദ്ദേശിച്ചു. ആയതിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ പേരിൽ ശക്തമായ നടപടി കൈക്കൊള്ളുന്നതാണെന്നും ഡയറക്ടർ ഓർമ്മപ്പെടുത്തി. (ഇ 2 സെക്ഷൻ, വകുപ്പിലെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)

2. ഓരോ സ്ഥാപനങ്ങളിലെയും ജീവനക്കാർ സമയക്ലിപ്തത പാലിക്കണമെന്നും കൃത്യസമയത്ത് ജോലിക്ക ഹാജരാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് അതാത് സ്ഥാപന മേധാവിയുടെ ചുമതലയാണെന്നും ഡയറക്ടർ അറിയിച്ചു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ (ആശുപത്രികൾ, ഡിസ്പെൻസറികൾ) യഥാസമയം മിന്നൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഉടനെ തന്നെ അയച്ചു നൽകേണ്ടതുമാണ് എന്ന് ഡയറക്ടർ ആവശ്യപ്പെട്ടു.(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ, ആശുപത്രി സൂപ്രണ്ടുമാർ, ഡയറക്ടറേറ്റിലെ സൂപ്രണ്ടുമാർ)

3. സൂപ്രണ്ടുമാരും, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരും അയച്ചു നൽകുന്ന ക്ലെയിമിൽ ഡ്യൂപ്ലിക്കേഷൻ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് ആവർത്തിക്കാതിരിക്കാൻ പ്രത്യേകം രജിസ്റ്ററുകൾ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. (ആശുപത്രി സൂപ്രണ്ട്, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ)

4. എംപാനൽഡ് ഹോസ്പിറ്റലിലേക്ക് ഐ.പികളെ റഫർ ചെയ്യുമ്പോൾ പ്രസ്തുത എംപാനൽഡ് ഹോസ്പിറ്റൽ ലൈവ് ആണോ എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.(ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ആശുപത്രി സൂപ്രണ്ട്.)

5.എറണാകുളം, ഒളരിക്കര ആശുപത്രികളിൽ എംപാനൽഡ് ബില്ലുകൾ 3000 ത്തോളം തീർപ്പാക്കാതെ കിടക്കുന്നതായി കണ്ടെത്തുകയുണ്ടായെന്നും കോവിഡ് കാലത്ത് ബില്ലുകൾ പാസ്സാക്കുന്നതിൽ വന്ന കാലതാമസം ആയിരുന്നു എന്നും അറിയിക്കുകയുണ്ടായി. താമസം

കൂടാതെ ടി ബില്ലുകൾ തീർപ്പാക്കി അയക്കണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു.(സൂപ്രണ്ടുമാർ)

6.ഡയറക്ടറേറ്റിലേക്ക് പാസാക്കി നൽകുന്ന ബില്ലുകളിൽ പ്രൊസീഡിംഗ്സിലെ തുകയും, ക്ലെയിമിൽ പാസ്സാക്കി എഴുതുന്ന തുകയും തമ്മിൽ വ്യത്യാസം വരുന്നതായി കാണുന്നു. ക്ലെയിമുകൾ അയക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ് എന്ന് ഡയറ്കടർ നിർദ്ദേശിച്ചു.

7. ഒളരിക്കരയിലും മുളംകുന്നത്തുകാവിലും, ആശുപത്രികളിൽ നിലവിൽ ഫാർമസിസ്റ്റ് തസ്തികയിൽ ഒരു ജീവനക്കാരൻ മാത്രമാണ് ജോലിചെയ്യുന്നത് എന്ന് അറിയിച്ചു. വളപട്ടണത്തും, പാപ്പിനിശ്ശേരിയിലും ഫാർമസിസ്റ്റിന്റെ ഒരു തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. എറണാകുളം ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് ഫാർമസിസ്റ്റ്, ഫിസിഷ്യൻ എന്നി തസ്തികയും ഒഴിഞ്ഞുകിടക്കുന്നുണ്ട്. തോട്ടടയിൽ കുക്ക് തസ്തികയും, ഫറൂക്കിൽ റേഡിയോളജിസ്റ്റ് തസ്തികയും ഒഴിഞ്ഞുകിടക്കുന്നതായി അറിയിച്ചു. മുളംകുന്നത്തുകാവിൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞുകിടക്കുന്നതായി അറിയിച്ചു. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് അതാതു സ്ഥാപനങ്ങളിൽ നിന്നും ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതാണെന്നും ആയതിനാൽ ഒഴിവുകളെ സംബന്ധിച്ച വ്യക്തമായ പരിശോധനയ്ക്കുശേഷം നടപടി കൈക്കൊള്ളുന്നതാണെന്നും ഡയറക്ടർ അറിയിച്ചു( സ്ഥാപനങ്ങൾ , റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, വിവധ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകൾ)

8. പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലെ X-ray മെഷീൻ ഉപയോഗപ്രദമല്ല എന്ന് സൂപ്രണ്ട് അറിയിക്കുകയുണ്ടായി. എറണാകുളത്തേക്ക് അനുവദിച്ച X-ray മെഷീൻ പാലക്കാട്ടേക്കു കൈമാറ്റം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷിച്ച് നടപടി കൈക്കൊള്ളുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.(ബന്ധപ്പെട്ട അക്കൗണ്ട്സ് സെക്ഷൻ)

9. മെറ്റീരിയൻ സേഫ്റ്റി ഡേറ്റാഷീറ്റിൽ ഗർഹണം ചെയ്യുന്നതിനുള്ള സാധനങ്ങളുടെ ലിസ്റ്റ് എത്രയും പെട്ടെന്ന് ലഭ്യമാക്കി നൽകേണ്ടതാണെന്ന് ഡയറക്ടർ അറിയിച്ചു.(സ്ഥാപനങ്ങൾക്ക്)

10. ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറിടെ ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടം വളരെ ശോചനീയാവസ്ഥയിൽ ആണെന്നും ഓഫീസിലെ സ്ഥാപക വസ്തുക്കൾ ചിതലരിച്ച് പരിതാപകരമായ അവസ്ഥയിൽ ആണെന്നും അറിയിച്ചു. ( ആവശ്യമായ നടപടി ബന്ധപ്പെട്ട സെക്ഷന്)

11.ഫറൂക്ക് ഇ.എസ്.ഐ ആശുപത്രിയിലെ സി.ടി സ്കാനർ ഉപയോഗയോഗ്യമല്ല എന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു. KMCW ആയി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ പരാതിനിലനിൽക്കുന്നു. എങ്കിൽ ആയത് ഉടനെ തന്നെ അറിയിക്കാൻ ഡയറ്കടർ നിർദ്ദേശിച്ചു ( സൂപ്രണ്ട് ഫറൂക്ക്)

12. ധന്വന്തരി

ധന്വന്തരി വളരെ ഫലപ്രദമായി ആശുപത്രികളിലും ഡിസ്പെൻസറികളിലും നടക്കുന്നുണ്ട് എന്ന വിവരം നോഡൽ ഓഫീസർ ശ്രീ. ഡോ. രാധാകൃഷ്ണൻ എസ് അറിയിച്ചു. കഴിഞ്ഞ ഒരു വർഷത്തിൽ ധന്വന്തരി മൊഡ്യൂൾ രജിസ്ട്രേഷൻ 58% ത്തിൽ നിന്ന് ഏകദേശം 100%

എത്തിയെന്നും സർട്ടിഫിക്കേഷൻ ജനറേഷൻ 15% ത്തിൽ നിന്നും 99.8% ശതമാനമായി ഉയർന്നുവെന്നും വെറും 5 ഡിസ്പെൻസറികളിൽ മാത്രമാണ് സീറോ ശതമാനം കാണിക്കുന്നത് എന്നും നോഡൽ ഓഫീസർ അഭിപ്രായപ്പെട്ടു.

ധന്വന്തരി മോഡ്യൂളിന്റെ ശരിയായ നടത്തിപ്പിനായി ഓരോ ജില്ലയിലും ജില്ലാനോഡൽ ഓഫീസർമാരും ഓരോ സോണിലും സോണൽ നോഡൽ ഓഫീസർമാരും ഉണ്ടെന്നും ഇവരുമായി ദ്വൈമാസ യോഗങ്ങൾ നടത്തുന്നുണ്ട് എന്ന വിവരവും നോഡൽ ഓഫീസർ അറിയിക്കുകയുണ്ടായി.

<u>ധന്വന്തരി മൊഡ്യൂൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നോഡൽ ഓഫീസർ മുന്നോട്ട് വെച്ച അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.</u>

1) രോഗീ പരിചരണം മികച്ചരീതിയിൽ ആക്കുന്നതിന് ധന്വന്തരി മൊഡ്യൂളിന്റെ കീഴിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ ലഭ്യമാക്കേണ്ടതുണ്ട്.

2) പരീക്ഷണാടിസ്ഥാനത്തിൽ ഓരോജില്ലയിലും 5 ഡിസ്പെൻസറികളിലായി ക്ലിനിക്കൽ മൊഡ്യൂൾ ഫാർമസി മൊഡ്യൂൾ എന്നിവ ആരംഭിക്കുകയും 2 മാസത്തിന് ശേഷം പരിശോധനയ്ക്ക് ശേഷം പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തതിന് ശേഷം എല്ലാ സ്റ്റേഷനുകളിലും ഇത് വ്യാപിപ്പിക്കാവുന്നതാണ്.

3) പ്രശ്നപരിഹാരത്തിനായി ഐ.ടി മാനേജർമാരെ നോഡൽ ഓഫീസർമാരുടെ ദ്വൈമാസ അവലോകന യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

4) എല്ലാ ജില്ലകളിലും ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കേണ്ടതാണ്. കോവിഡ് പ്രശ്നങ്ങൾ തീരുന്ന മുറയ്ക്ക് ഫിസിക്കൽ ട്രെയിനിംഗ് ആരംഭിക്കാവുന്നതാണ്. ഓൺലൈൻ ട്രെയിനിംഗ് ഇ.എസ്.ഐ കോർപ്പറേഷൻ മുഖേന 3 മാസത്തിലൊരിക്കൽ നടത്താവുന്നതാണ്.

5) ധന്വന്തരി മൊഡ്യൂൾ മുഖേന ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ജനറേഷൻ നിരീക്ഷിക്കേണ്ടതും എല്ലാ ഡോക്ടർമാരേയും ധന്വന്തരി മൊഡ്യൂൾ മുഖേന സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഇ.എസ്.ഐ കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കേണ്ട വസ്തുതകൾക്ക് ഇ.എസ്.ഐ കോർപ്പറേഷന് കത്ത് നൽകുന്നതിന് നടപടി ഉണ്ടാകണം.(നോഡൽ ഓഫീസർ)

28/6/22

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

vbp

BI - MONTHLY MEETING ON 04/06/2022.

| Sl.No. | Name & Designation | Name of Institution |
|---|---|---|
| 1 | Dr.Malini.S, Director | Directorate of Insurance Medical Services. |
| 2 | Dr. Manoj,Regional Deputy Director | North Zone, Kozhikode. |
| 3 | Dr.Joan Karan Meyen, Regiona Deputy Director | Central Zone, Eranakulam. |
| 4 | Dr. Bindu Mary Fransis(Incharge) | South Zone,Kollam. |
| 5 | Dr.S.Radhakrishnan, State Nodal Officer | Dhanwantri. |
| 6 | Dr.Jessic John, Superintendent | ESI Hospital, Eranakulam |
| 7 | Dr.Chandra Kumari, Superintendent | ESI Hospital,Olarikkara |
| 8 | Dr.Sasi.L, Superintendent | ESI Hospital,Mulamkunnathukavu |
| 9 | Dr.S.K.Subramanian, Superintendent | ESI Hospital,Palakkad |
| 10 | Dr.Sudheer Kumar,Superintendent | ESI Hospital,Feroke |
| 11 | Dr.Bindhu Sreenivasan,Superintendent | ESI Hospital,Thottada |
| 12 | Dr.V.A.Cini Priyadarsini, Superintendent | ESI Hospital,Alappuzha |
| 13 | Dr.Rajeev, Superintendent | ESI Hospital,Vadavathur(Kottayam) |
| 14 | Dr.Bindu Mary Francis, Insurance Medical Officer | ESI Dispensary ,Pattathanam |
| 15 | Dr.Latha Sahadevan, Deputy Director(Ayurveda) | Office of the Director of Insurance Medical Services. |
| 16 | Dr.Ajitha.T.P, Deputy Director (Homoeo) | Office of the Director of Insurance Medical Services. |
| 17 | Smt.Umadevi.L.D, Senior Administrative Officer | Office of the Director of Insurance Medical Services. |
| 18 | Sri.Surabheesh Babu.M.K, Senior Finance Officer | Office of the Director of Insurance Medical Services. |
| 19 | Smt.Malini.B, Senior Superintendent | Office of the Director of Insurance Medical Services. |
| 20 | Smt.Jayasree, Junior Superintendent | Office of the Director of Insurance Medical Services. |
| 21 | Smt. Sandhya Menon, Senior Superintendent | Office of the Director of Insurance Medical Services. |
| 22 | Sr.Prakash.S, Junior Superintendent | Office of the Director of Insurance Medical Services. |
| 23 | Smt.Shyja Lohithadasan(Manager IT) | Office of the Director of Insurance Medical Services. |
| 24 | Smt.Sheela.M,Sr.Gr.Typist, IT Section | Office of the Director of Insurance Medical Services. |
| 25 | Sri.Mithilaj Manzoor, Asst.Manager, IT | Office of the Director of Insurance Medical Services. |
| 26 | Sri. Visakh.V.S Clerk | Office of the Director of Insurance Medical Services. |